**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 240** **02-08-2021 - ൽ മറുപടിയ്ക്ക്**

**ടൂറിസം സഹകരണ സംഘങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ ,<br>ഡോ.കെ.ടി.ജലീൽ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. ആന്റണി ജോൺ** | | **Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡാനന്തരം സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയെ വീണ്ടെടുക്കുന്നതിനും വികസിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | കോവിഡ് 19 ന്റെ ഒന്നും രണ്ടും തരംഗങ്ങൾ സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയെ ഏറെ പ്രതികൂലമായി ബാധിച്ചിരുന്നു. അതു പരിഹരിക്കാനായി 2020 ൽ നടപ്പിലാക്കിയ ആശ്വാസ പദ്ധതികളാണ് ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം, ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം, ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം, ടൂറിസം ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം എന്നിങ്ങനെയുള്ള പദ്ധതികൾ. ഇതുമൂലം വിനോദസഞ്ചാര മേഖലയിലെ നിരവധി നിക്ഷേപകർക്കും തൊഴിലാളികൾക്കും പ്രത്യക്ഷമായും പരോക്ഷമായും ഏറെ ഗുണം ചെയ്തിരുന്നു. ഇത്തരം സമാശ്വാസ പദ്ധതികളാണ് വിനോദസഞ്ചാര മേഖലയെ നിലനിർത്തുന്നതിന് നിർണ്ണായക പങ്ക് വഹിക്കുന്നത്. ഇവ മുൻ വർഷത്തെപ്പോലെ ഈ വർഷവും തുടരുന്നത് സംബന്ധിച്ച് പരിശോധിച്ചു വരുന്നു. വിനോദസഞ്ചാര മേഖലയിൽ മുതൽ മുടക്കിയിട്ടുള്ളവർക്കായി വകുപ്പ് വിവിധങ്ങളായ അംഗീകൃത ഹോംസ്റ്റേ/സർവീസ്ഡ് വില്ല/ ഹൗസ് ബോട്ട്/ആയുർവേദ സെന്ററുകൾ/ റസ്റ്റോറന്റുകൾ/ അമ്യൂസ്മെന്റ് പാർക്ക്/ അഡ്വഞ്ചർ ടൂറിസം യൂണിറ്റുകളുടെ അംഗീകാരം/ ക്ലാസിഫിക്കേഷൻ/ അക്രഡിറ്റേഷൻ കാലാവധി 2021 ഡിസംബർ 31 വരെ പുതുക്കി നൽകിയിട്ടുണ്ട്. ഇതുകൂടാതെ വിവിധങ്ങളായ പ്രചരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. കഴിഞ്ഞ വർഷം സംഘടിപ്പിച്ച പോസ്റ്റ് കോവിഡ് പ്രൊമോഷൻ ക്യാമ്പയിന്റെ ചുവട് പിടിച്ച് കേരളം സുരക്ഷിതമാണെന്ന സന്ദേശം നൽകി വിവിധ ക്യാമ്പയിനുകൾ കോവിഡിന്റെ രണ്ടാം തരംഗം അവസാനിക്കുന്ന മുറയ്ക്ക് തുടങ്ങുന്നതാണ്. വിനോദസഞ്ചാര മേഖലയിൽ |

| | | | |
|---|---|---|---|
| | | | മുതൽ മുടക്കിയ നിക്ഷേപകർക്കും ഈ രംഗത്ത് ജോലി ചെയ്യുന്ന തൊഴിലാളികൾക്കും വേണ്ടി സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു. കോവിഡിനു ശേഷമുള്ള ടൂറിസം മേഖലയുടെ വളർച്ച മുന്നിൽ കണ്ട് മാർക്കറ്റിംഗിനായി കൂടുതൽ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആഭ്യന്തര വിനോദസഞ്ചാരികളെയെങ്കിലും കേരളത്തിലേക്ക് ആകർഷിക്കുന്നതിനായുള്ള ക്യാമ്പയിനുകളാണ് ഇപ്പോൾ പരിഗണന നൽകി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. വിനോദസഞ്ചാര മേഖലയിൽ ഉള്ള എല്ലാ വിഭാഗത്തിനും മുൻഗണനാക്രമം നൽകി വാക്സിൻ നൽകുന്ന നടപടികളും പുരോഗമിക്കുന്നുണ്ട്. സർക്കാർ വിനോദസഞ്ചാര മേഖലയ്ക്ക് നൽകുന്ന മുന്തിയ പരിഗണന വഴി കോവിഡാനന്തരം സംസ്ഥാനത്തെ വിനോദസഞ്ചാര മേഖല പൂർവാധികം ശക്തിയോടെ ഉയർത്തെഴുന്നേൽക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ടൂറിസം സഹകരണ സംഘങ്ങളെ വകുപ്പിന്റെ പ്രവർത്തനവുമായി കൂട്ടിയിണക്കാൻ ശ്രദ്ധപതിപ്പിക്കുമോ; | (ബി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ടൂറിസം സഹകരണ സംഘങ്ങളെ ടൂറിസം വകുപ്പിന്റെ പ്രവർത്തനങ്ങളുമായി കൂട്ടിയിണക്കുവാൻ നിലവിൽ പദ്ധതികൾ ഒന്നും തന്നെ ഇല്ല. ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം, ടൂറിസം മാർക്കറ്റിംഗ്, സംസ്ഥാന സർക്കാരിന്റെ ഹോസ്പിറ്റാലിറ്റി പ്രവർത്തനങ്ങൾ മുതലായവയാണ് ടൂറിസം വകുപ്പ് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഈ പ്രവർത്തനങ്ങളിൽ ടൂറിസം സഹകരണ സംഘങ്ങളെക്കൂടി ഉൾപ്പെടുത്തുന്നതിന് നിലവിൽ പദ്ധതികൾ ഒന്നും ആവിഷ്കരിച്ചിട്ടില്ല. എന്നിരുന്നാലും മികച്ച ടൂറിസം സംരംഭവുമായി മുന്നോട്ടു വരുന്ന സഹകരണ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |
| (സി) | നിലവിലുള്ള നിയമത്തിന്റെയും അംഗീകൃത നിയമാവലിയുടെയും പിൻബലത്തിൽ ഓഡിറ്റിങ്ങിനും പരിശോധനകൾക്കും വിധേയമായി പ്രവർത്തിക്കുന്ന പ്രസ്തുത സംഘങ്ങൾ വഴിയുള്ള ടൂറിസം വികസനം കൂടുതൽ ഉത്തരവാദിത്തത്തോടെയും ജനപങ്കാളിത്തത്തോടെയും കുറ്റമറ്റ നിലയിൽ നടത്താൻ കഴിയുമെന്നത് പരിഗണിച്ചിട്ടുണ്ടോ; | (സി) | (ബി) പിരിവിന്റെ അതേ ഉത്തരം |
| (ഡി) | പുതിയ ഡസ്റ്റിനേഷൻ കണ്ടെത്തി പ്രവർത്തനമാരംഭിക്കുന്നതിനും കെ. റ്റി. ഡി. സി., ഡി. റ്റി. പി. സി. തുടങ്ങിയവയുടെ സ്ഥാപനങ്ങൾ ഏറ്റെടുത്തുനടത്തുന്നതിനും ഇത്തരം സംഘങ്ങളെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | കെ.റ്റി.ഡി.സി.യും ഡി.റ്റി.പി.സി.യും സ്വന്തം നിലയിൽ ടൂറിസം പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങളാണ്. കെ.റ്റി.ഡി.സി യുടെ കീഴിൽ ഉള്ള ഹോട്ടലുകൾ കെ.റ്റി.ഡി.സി സ്വന്തം നിലയിലാണ് നടത്തി വരുന്നത്. അതുകൊണ്ട് സഹകരണ സ്ഥാപനങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | കെ.റ്റി.ഡി.സി യുടെ യൂണിറ്റുകൾ ഏറ്റെടുത്ത് നടത്തുവാൻ നിലവിൽ കഴിയുകയില്ല. ഡി.റ്റി.പി.സി.കൾ പാർക്കുകളും, മറ്റ് വിനോദ ഉപാധികളും നടത്തുന്നുണ്ട്. ഇത്തരം സ്ഥാപനങ്ങളുടെ നടത്തിപ്പിനായി കരാർ അടിസ്ഥാനത്തിൽ മറ്റ് സ്ഥാപനങ്ങളെ നിയോഗിക്കുമ്പോൾ സഹകരണ സ്ഥാപനങ്ങൾക്കും ചട്ടപ്രകാരം പങ്കെടുക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ